**പതിമൂന്നാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3073

20/06/2014-ൽ മറുപടിക്ക്

# മാലിന്യ സംസ്കരണ കമ്പനി രൂപീകരണം

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. റ്റി.എൻ. പ്രതാപൻ :<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :<br>ശ്രീ. വർക്കല കഹാർ :<br>ശ്രീ. വി.ഡി.സതീശൻ : | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) നഗരങ്ങളിൽ മാലിന്യ സംസ്കരണ കമ്പനി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) സംസ്ഥാനത്തെ ശുചിത്വ പരിപാലന മേഖലയിൽ പൊതുജന പങ്കാളിത്തത്തോടുകൂടി ശുചീകരണ പദ്ധതികൾ നടപ്പിലാക്കി പൊതുജനാരോഗ്യ മേഖലയിൽ സമൂലമായ പുരോഗതി ലക്ഷ്യമാക്കി 'ക്ലീൻകേരള കമ്പനി' എന്ന കമ്പനി രൂപീകരിക്കുകയും 2013 ഡിസംബർ 10-ാം തീയതി 1956 ലെ കമ്പനീസ് ആക്ട് പ്രകാരം ടി കമ്പനി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിയ്ക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) കമ്പനിയുടെ ഷെയറുകൾ സംബന്ധിച്ച വിശദാംശങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ; | (ബി) പത്ത് കോടി രൂപ മൂലധനം കണക്കാക്കി സിയാൽ മാതൃകയിൽ രൂപീകരിച്ചിട്ടുള്ള ഈ കമ്പനിയിൽ 26% സർക്കാർ ഓഹരിയും ബാക്കി ഓഹരി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സ്വരൂപിക്കാനുമാണ് ലക്ഷ്യമിടുന്നത്. സംസ്ഥാനത്തെ മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കും കമ്പനിയുടെ ഷെയർ വാങ്ങുന്നതിന് അനുമതി നൽകിയിരുന്നതു പ്രകാരം 4 കോടി 55 ലക്ഷം രൂപ ഇക്വിറ്റി ഷെയർ ലഭിച്ചിട്ടുണ്ട്. കൂടാതെ സർക്കാരിൽ നിന്ന് 5 ലക്ഷം രൂപ കമ്പനിക്ക് മൂലധനമായി നൽകിയിട്ടുണ്ട്. |
| (സി) കമ്പനിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം ; | (സി) സംസ്ഥാനത്തെ ശുചിത്വ പരിപാലന മേഖലയിൽ പൊതുജന പങ്കാളിത്തത്തോടുകൂടി ശുചീകരണ പദ്ധതികൾ നടപ്പിലാക്കി പൊതുജനാരോഗ്യ മേഖലയിൽ സമൂലമായ പുരോഗതിയാണ് കമ്പനി ലക്ഷ്യമിടുന്നത്. ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ സംസ്ഥാനത്തെ മാലിന്യ നിർമ്മാർജ്ജനത്തിന് പരിസ്ഥിതിക്ക് കോട്ടം വരാത്ത രീതിയിൽ പദ്ധതികൾ നടപ്പാക്കുക, സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാങ്കേതിക സഹായങ്ങൾ നൽകി പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുക എന്നിവ കമ്പനിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളാണ്. താഴെപ്പറയുന്ന 4 മേഖലകളിലാണ് പ്രാരംഭ ഘട്ടത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. |

1. കക്കൂസ് മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കൽ.

2. മാലിന്യങ്ങളിൽ നിന്നും പ്രകൃതി വാതകങ്ങളുടെ ഉല്പാദനവും , ബോട്ടിലിംഗും.

3. ഇലക്ട്രോണിക് മാലിന്യങ്ങളുടെ സംസ്കരണം.

4. പ്ലാസ്റ്റിക് മാലിന്യങ്ങളുടെ സംസ്കരണം.

| | | | |
|---|---|---|---|
| (ഡി) | ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് കമ്പനിയുടെ സേവനം ഉപയോഗപ്പെടുത്താവുന്നത്; വ്യക്തമാക്കുമോ? | (ഡി) | സംസ്ഥാനത്തെ നഗരസഭകൾക്ക് കമ്പനിയുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. നഗരസഭകൾക്ക് ആവശ്യമായ മാലിന്യ സംസ്കരണ പ്രോജക്ടുകൾ തയ്യാറാക്കി ടെണ്ടർ നടപടികൾ ഒഴിവാക്കി നിർവ്വഹണം ഏറ്റെടുത്ത് നടത്തുന്നതിന് ക്ലീൻ കേരള കമ്പനി ലിമിറ്റഡിന് അംഗീകാരം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ